(ബി) പ്രസ്തുത പദ്ധതി പ്രകാരം സംസ്ഥാനത്ത് നൽകുന്ന സബ്സിഡി എത്രയാണ് ;

(സി) ഇവിടെ സബ്സിഡിയിൽ കുറവ് വരുത്താനുള്ള കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) പശ്ചിമഘട്ട വികസന പദ്ധതിയിൽപ്പെട്ട മണ്ണു സംരക്ഷണ പരിപാടിക്ക് 90% സബ്സിഡിയും 10% ലോണും അയൽ സംസ്ഥാനങ്ങളിൽ നൽകുന്നതായി അറിവില്ല. കേന്ദ്രസർക്കാർ, സംസ്ഥാനങ്ങൾക്ക് പശ്ചിമഘട്ടവികസന പദ്ധതി പ്രകാരം കൊടുക്കുന്ന സഹായത്തിന്റെ അനുപാതമാണ് 90% ഗ്രാന്റും 10% ലോണും. ഈ വ്യവസ്ഥ സംസ്ഥാനത്ത് പശ്ചിമഘട്ട വികസനപദ്ധതി നടപ്പിലാക്കുന്ന ഒരു പദ്ധതിക്കും ബാധകമല്ല.

(ബി) മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾക്ക് നൽകിവരുന്ന സബ്സിഡി 25% ആണ്. എന്നാൽ പശ്ചിമഘട്ട വികസന പദ്ധതി പ്രകാരം സബ്സിഡി 50% ആയി വർദ്ധിപ്പിച്ചിട്ടുണ്ട്. ഹരിജനങ്ങൾക്കും ഗിരിജനങ്ങൾക്കും 100% സബ്സിഡിയാണ് നൽകുന്നത്.

(സി) സബ്സിഡിയിൽ കുറവ് വരുത്തിയിട്ടില്ല.

പുതിയ മണ്ണ് സംരക്ഷണ ഓഫീസുകൾ

1292. [1940] ശ്രീ. സി. കെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യത്തിന് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പത്തനംതിട്ട, വയനാട്, കാസർകോഡ് ജില്ലകളിൽ പുതിയ മണ്ണു സംരക്ഷണ ഓഫീസുകൾ തുറക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

നടപടികൾ സ്വീകരിച്ചു വരുന്നു.

വയനാട് ജില്ലാ കൃഷി ഫാം

1293. [1941] ശ്രീ. കെ. രാഘവൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് ജില്ല കൃഷി ഫാം എന്ന് ആരംഭിക്കും ;

(ബി) സ്ഥലമെടുപ്പിനെ സംബന്ധിച്ച് എന്തെങ്കിലും നടപടിക്രമം ആരംഭിച്ചുവോ :

(സി) കൃഷിഫാമിനുവേണ്ടി എത്ര ഏക്കർ സ്ഥലം എടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ട് ?

ഉത്തരം

(എ) വയനാട് ജില്ലാ കൃഷി ഫാം ആരംഭിക്കുന്നകാര്യം തീരുമാനിച്ചിട്ടില്ല.

(ബി) ഇല്ല.

(സി) ജില്ലാ ഫാമിനുവേണ്ടി ചുരുങ്ങിയത് 40 ഹെക്ടർ (100 ഏക്കർ) സ്ഥലമെങ്കിലും വേണമെന്നാണ് കണക്കുകൂട്ടൽ.

LIBRARY ARCHIVES Kerala Legislative Assembly